**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 47** **09-08-2023 - ൽ മറുപടിയ്ക്ക്**

**കോ-ഓപ്പറേറ്റീവ് ഇനീഷ്യേറ്റീവ് ഇൻ ടെക്നോളജി ഡ്രിവൺ അഗ്രിക്കൾച്ചർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ കെ യു ജനീഷ് കുമാർ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അഞ്ച് വർഷത്തിനുള്ളിൽ കാർഷിക വികസന മുന്നേറ്റമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെ കോ-ഓപ്പറേറ്റീവ് ഇനീഷ്യേറ്റീവ് ഇൻ ടെക്നോളജി ഡ്രിവൺ അഗ്രിക്കൾച്ചർ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് അഞ്ച് വർഷത്തിനുള്ളിൽ കാർഷിക വികസന മുന്നേറ്റമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെ സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി ആരംഭിച്ചിട്ടുണ്ട്.<br><br>സഹകരണ മേഖലയുടെ പിൻതുണയോടെ കാർഷിക രംഗത്തെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനായി കാർഷിക ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, സംഭരണം, മൂല്യവർദ്ധന വിപണനം എന്നിവ പരിപോഷിപ്പിക്കുന്നതിനായി 2022-2023 സാമ്പത്തിക വർഷം സഹകരണ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് **സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി.** 2022-2023 സാമ്പത്തിക വർഷം ടി പദ്ധതിയിൽ 2250.00ലക്ഷം രൂപ വകയിരുത്തിയിരുന്നു. ആയതിൽ നിന്നും 20 സഹകരണ സംഘങ്ങൾക്ക് 743.50 ലക്ഷം രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. 2023-2024 സാമ്പത്തിക വർഷം ടി പദ്ധതിയിലൂടെ ധനസഹായം അനുവദിക്കുന്നതിനായി സഹകരണ വകുപ്പിന്റെ സംസ്ഥാന പദ്ധതിയിനത്തിൽ 3450.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2023-2024 സാമ്പത്തിക വർഷം നടപ്പാക്കേണ്ട പദ്ധതികൾ ടെക്നിക്കൽ കമ്മിറ്റിയുടെ പരിശോധനകൾക്കും വിശകലനത്തിനും ശേഷം സർക്കാർ അംഗീകരിച്ച് അനുമതി നൽകുന്നതാണ്. |
| (ബി) | ബാങ്കുകളുടെ പ്രവർത്തനങ്ങൾ മികവുറ്റതാക്കുന്നതിനും വായ്പ തിരിച്ചടക്കുവാൻ കഴിയാതെ വന്നവർക്ക് ആശ്വാസം നൽകാനും വേണ്ടി സംസ്ഥാനത്തെ സഹകരണ മേഖലയിൽ നവകേരളീയം, കുടിശ്ശിക നിവാരണം, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി തുടങ്ങിയവ നടപ്പിൽ വരുത്തിയതിന്റെ അനുഭവങ്ങൾ വിശദമാക്കുമോ; | (ബി) | ബാങ്കുകളുടെ പ്രവർത്തനങ്ങൾ മികവുറ്റതാക്കുന്നതിനും വായ്പ തിരിച്ചടക്കുവാൻ കഴിയാതെ വന്നവർക്ക് ആശ്വാസം നൽകാനും വേണ്ടി സംസ്ഥാനത്തെ സഹകരണ മേഖലയിൽ നവകേരളീയം, കുടിശ്ശിക നിവാരണം, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി തുടങ്ങിയവ നടപ്പിൽ വരുത്തിയതിന്റെ അനുഭവങ്ങൾ ചുവടെ ചേർക്കുന്നു. |

**നവകേരളീയം കുടിശ്ശിക നിവാരണം – ഒറ്റത്തവണതീർപ്പാക്കൽ പദ്ധതി**

പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിനും, കൃത്യമായ വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിച്ച് പ്രാഥമിക സംഘങ്ങൾ/ബാങ്കുകളെ പരമാവധി കുടിശ്ശിക രഹിത സംഘങ്ങൾ/ബാങ്കുകളായി മാറ്റുന്നതിനും, കുടിശ്ശികക്കാരായ വായ്പാക്കാർക്ക് ആശ്വാസമാവുക എന്ന ലക്ഷ്യത്തോടും കൂടി നടപ്പിലാക്കുന്ന പദ്ധതിയാണ് "നവകേരളീയം കുടിശ്ശിക നിവാരണം – ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി". പ്രാഥമിക സഹകരണ സംഘങ്ങൾ/ ബാങ്കുകളിൽ 2021ആഗസ്റ്റ് 16 മുതൽ 2022 സെപ്തംബർ 30 വരെയും, കേരള ബാങ്കിൽ 2022 നവംബർ 15 വരെയും ടി പദ്ധതി നടപ്പിലാക്കിയിരുന്നു.തുടർന്ന് 2023 ഫെബ്രുവരി 1 മുതൽ 2023 ഏപ്രിൽ 30 വരെയും ടി പദ്ധതി നടപ്പിലാക്കിയിരുന്നു.

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുമ്പോൾ പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കുന്നു. പലിശയിൽ പരമാവധി 50 ശതമാനം വരെ ഇളവ് നൽകുന്നു. വായ്പയുടെ സ്വഭാവം പരിഗണിക്കാതെ എല്ലാത്തരം വായ്പകൾക്കും സാധാരണ പലിശ നിരക്കിൽ പലിശ കണക്കാക്കുന്നു. വ്യവസ്ഥകൾക്ക് വിധേയമായി അർഹരായവർക്ക് പലിശ പൂർണ്ണമായും ഒഴിവാക്കി നൽകുന്നു. അർഹരായവരുടെ വായ്പ പൂർണ്ണമായോ, ഭാഗികമായോ ഇളവ് നൽകുന്നു. സാധാരണക്കാരായ ഗുരുതര രോഗബാധിതർ, മരണപ്പെട്ടവർ, മാതാപിതാക്കൾ മരണപ്പെട്ട ശേഷം മാതാപിതാക്കളുടെ ബാദ്ധ്യത തങ്ങളുടെ ബാദ്ധ്യതയായി നിലനിൽക്കുന്ന മക്കൾ തുടങ്ങിയ വിഭാഗത്തിലുള്ളവർക്ക് ഇളവുകൾ നൽകുന്നതിനും ടി പദ്ധതിയിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

ബാങ്കുകളുടെ വായ്പാ കുടിശ്ശിക ഈടാക്കുന്നതിനും വായ്പ തിരിച്ചടക്കുവാൻ കഴിയാതെ വന്നവർക്ക് ആശ്വാസം നൽകുന്നതിനും ടി പദ്ധതി പ്രകാരം സാധിച്ചിട്ടുണ്ട്. കൃത്യമായി വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിച്ച് സഹകരണ സംഘങ്ങൾ / ബാങ്കുകളുടെ നഷ്ടം കുറയ്ക്കുന്നതിനും, കുടിശ്ശികയുള്ള വായ്പാക്കാർക്ക് ഇളവുകളോടെ വായ്പ തിരിച്ചടച്ച് ആർബിട്രേഷൻ, എക്സിക്യൂഷൻ നടപടികളിൽ നിന്നും ഒഴിവാകുന്നതിനും ടി പദ്ധതി സഹായകരമായിട്ടുണ്ട്.

ടി പദ്ധതി പ്രകാരം 2021 – 2022 സാമ്പത്തിക വർഷം 4,69,133 വായ്പാക്കാർക്ക് 843.57 കോടി രൂപയുടെ ഇളവ് അനുവദിക്കുകയും, 12322.21 കോടി രൂപയുടെവായ്പ തിരിച്ചടവ് ഉണ്ടാവുകയും ചെയ്തിട്ടുണ്ട്,

| | | | |
|---|---|---|---|
| | | | 2022 – 2023 സാമ്പത്തിക വർഷം 4,53,965 വായ്പാക്കാർക്ക് 829.23 കോടി രൂപയുടെ ഇളവ് അനുവദിക്കുകയും, 10982.91 കോടി രൂപയുടെ വായ്പ തിരിച്ചടവ് ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. |
| (സി) | പരിസ്ഥിതി വീണ്ടെടുപ്പ് ലക്ഷ്യമിട്ട് സഹകരണ വകുപ്പ് നടപ്പാക്കുന്ന ഹരിതം-സഹകരണം പദ്ധതിയുടെ പുരോഗതി അറിയിക്കുമോ? | (സി) | പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി 2017-ൽ സഹകരണവകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിയ **ഹരിതം സഹകരണം** പദ്ധതി 2022ൽ പൂർത്തിയായി. 5 വർഷം കൊണ്ട് 5 ലക്ഷം ഫലവൃക്ഷത്തൈകൾ സഹകരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വച്ചുപിടിപ്പിക്കുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. ആയത് പ്രകാരം ഓരോ വർഷവും നട്ടുപിടിപ്പിച്ച വൃക്ഷത്തൈകളുടെ എണ്ണം ചുവടെ ചേർക്കുന്നു.<br><br>വർഷം / എണ്ണം / ഇനം<br>2018 / 120273 / പ്ലാവ്<br>2019 / 102909 / കശുമാവ്<br>2020 / 113070 / തെങ്ങ്<br>2021 / 106289 / പുളി<br>2022 / 114005 / മാവ് |

| വർഷം | എണ്ണം | ഇനം |
|---|---|---|
| 2018 | 120273 | പ്ലാവ് |
| 2019 | 102909 | കശുമാവ് |
| 2020 | 113070 | തെങ്ങ് |
| 2021 | 106289 | പുളി |
| 2022 | 114005 | മാവ് |

സെക്ഷൻ ഓഫീസർ